ഭരണഭാഷ - മാതൃഭാഷ

നം.എം(4)/48272/2018/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 08.08.2018.

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം-സ്വാതന്ത്ര്യ ദിനാഘോഷം 2018 നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന:-

ഭാരതം സ്വതന്ത്രമായതിന്റെ 71-ാം വാർഷികം 2018 ആഗസ്റ്റ് 15 ന് വിപുലമായി ആഘോഷിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലും സ്കൂളുകളിലും സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വിദ്യാലയങ്ങളിലും ഓഫീസുകളിലും സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിക്കേണ്ടതാണ്.
- വിദ്യാലയങ്ങളിൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ഹാജരാകേണ്ടതും, രാവിലെ 9.30 ന് ദേശീയ പതാക ഉയർത്തേണ്ടതും തുടർന്ന് ദേശീയ ഗാനം ആലപിക്കേണ്ടതുമാണ്.
- സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി ആഗസ്റ്റ് 14 ന് സ്കൂളുകളുടെയും വിദ്യാഭ്യാസ ഓഫീസുകളുടെയും പരിസരം വൃത്തിയാക്കേണ്ടതും കമനീയമായി അലങ്കരിക്കേണ്ടതുമാണ്.
- വിദ്യാർത്ഥികൾക്കായി ദേശഭക്തി ഗാനാലാപനം, ക്വിസ്, സെമിനാറുകൾ പ്രദർശനങ്ങൾ പരേഡുകൾ മുതലായവ സംഘടിപ്പിക്കേണ്ടതാണ്.
- സ്കൂളുകളിൽ ദേശീയപതാക ഉയർത്തുന്നതിന് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകരെ ചുമതലപ്പെടുത്താവുന്നതാണ്.
- എൽ.പി, യു.പി., എച്ച്.എസ്, എച്ച്.എസ്.എസ്, വി.എച്ച്.എസ് എന്നിവ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഒരു പതാക ഉയർത്തിയാൽ മതിയാവുന്നതാണ് ഇങ്ങനെയുള്ള അവസരങ്ങളിൽ സ്ഥാപന മേധാവികൾ ഒരുമിച്ചിരുന്ന് ആലോചിച്ച് ഐകകണ്ഠേന തീരുമാനമെടുത്ത് അവരിൽ ഒരാൾ പതാക ഉയർത്തേണ്ടതാണ്.
- സ്കൂൾ പി.ടി.എ യുടെ തീരുമാനത്തിന് വിധേയമായി ബഹു.എം.പി.മാർ, എം.എൽ.എ.മാർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കോർപ്പറേഷൻ മേയർ, മുൻസിപ്പൽ കൗൺസിൽ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സ്വാതന്ത്ര്യസമര സേനാനികൾ, എന്നിവരെയും സ്കൂളുകളിൽ നടക്കുന്ന ചടങ്ങിൽ ക്ഷണിക്കാവുന്നതാണ്.
- ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തിയോ, പ്രഥമാദ്ധ്യാപകനോ, പി.ടി.എ പ്രസിഡന്റോ കുട്ടികൾക്കുവേണ്ടി സ്വാതന്ത്ര്യദിന സന്ദേശം നൽകേണ്ടതാണ്.
- അന്നേ ദിവസം വൈകുന്നേരം കൃത്യം 5 മണിക്ക് പതാക എല്ലാ ബഹുമാനത്തോടെയും താഴ്ത്തി സൂക്ഷിക്കേണ്ടതാണ്.
- ദേശീയ ദിനാഘോഷങ്ങളിൽ ദേശീയ പതാക ഉയർത്തുന്നതുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ ഇടയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ചില ആശയക്കുഴപ്പങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ ദേശീയ പതാക ഉപയോഗിക്കേണ്ടിവരുന്ന അവസരങ്ങളിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഫ്ളാഗ്കോഡ് ഓഫ് ഇന്ത്യ 2002-ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

8/8/18

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല / ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)